# ശബരിമല; ഐ&പിആർഡി മീഡിയ സെന്റർ സന്നിധാനം
# 16.01.2026

## മണ്ഡല മകരവിളക്ക് മഹോത്സവം: പരമ്പരാഗത കാനനപാതകളിലൂടെ എത്തിയത് 6.7 ലക്ഷം ഭക്തർ

ശബരിമല മണ്ഡല മകരവിളക്കിന്റെ ഭാഗമായി അഴുതക്കടവ് പമ്പ കാനനപാതയിലൂടെ 4,74,423 അയ്യപ്പഭക്തരും സത്രം പുല്ലുമേട് പാത വഴി 1,96,243 ഭക്തരും ശബരിമലയിൽ ദർശനം നടത്തി.

പെരിയാർ ടൈഗർ റിസർവിലുൾപ്പെടുന്ന 34.35 കിലോമീറ്റർ ദൈർഘ്യമുള്ള കാനനപാതയിൽ ഭക്തരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വനംവകുപ്പിന്റെ 336 ജീവനക്കാരെയും 130 ഓളം ഇക്കോ ഗാർഡുകളെയും നിയോഗിച്ചു. പ്രത്യേക പരിശീലനം ലഭിച്ച സ്നേക്ക് റെസ്ക്യൂ ടീമുകളും ഇക്കോ ഗാർഡുകളും പാതയിലുടനീളം സജീവമായി നിലയുറപ്പിച്ചതോടെ മനുഷ്യ വന്യജീവി സംഘർഷം പൂർണമായും ഒഴിവാക്കി. സി.സി.ടി.വി. കാമറ, റിയൽ ടൈം മോണിറ്ററിംഗ് സംവിധാനം വഴി വന്യജീവികളുടെ സാന്നിധ്യം നിരീക്ഷിച്ചു. മുക്കുഴി, അഴുതക്കടവ് എന്നിവിടങ്ങളിലെ ഇൻഫർമേഷൻ സെന്ററുകൾ വഴി ഭക്തർക്ക് ആവശ്യമായ അറിയിപ്പുകളും നിർദേശങ്ങളും നൽകി.

സീസണിന് മുന്നോടിയായി സുരക്ഷയുടെ ഭാഗമായി പമ്പ പ്രദേശത്തുനിന്ന് 61 കാട്ടുപന്നികളെ പിടിച്ച് സുരക്ഷിതമായ സ്ഥലത്ത് മാറ്റിപ്പാർപ്പിച്ചു. തീർത്ഥാടന കാലയളവിൽ മനുഷ്യവന്യജീവി സംഘർഷം ഒഴിവാക്കുന്നതിനായി പമ്പ

ശബരിമല മേഖലകളിൽ നിന്ന് 232 സ്നേക്ക് റെസ്ക്യൂ നടത്തി.

വനത്തിനുള്ളിൽ പ്ലാസ്റ്റിക് മാലിന്യം എത്തുന്നത് നിയന്ത്രിക്കുന്നതിനായി അഴുതക്കടവിലും പമ്പയിലും പ്രത്യേക പ്ലാസ്റ്റിക് പരിശോധന കൗണ്ടറുകൾ സ്ഥാപിച്ചു. അഴുതക്കടവ്, സത്രം, പമ്പ മേഖലകളിൽ നിന്നായി 2,400 കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യവും 20 കിലോഗ്രാം ലഹരി വസ്തുക്കളും പിടിച്ചെടുത്തു. ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം പത്തനംതിട്ട ജില്ലാ ശുചിത്വ മിഷന് കൈമാറി. വനംവകുപ്പ് നേരിടേണ്ടിയിരുന്ന പ്ലാസ്റ്റിക് വെല്ലുവിളി ഒരു പരിധിവരെ കുറയ്ക്കാനായി.

ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ കാനനപാതയിൽ അഞ്ച് അടിയന്തര മെഡിക്കൽ സെന്ററുകൾ പ്രവർത്തിച്ചു. ശാരീരിക അസ്വസ്ഥതകൾ അനുഭവിച്ച 233 അയ്യപ്പഭക്തരെ സ്ട്രെച്ചറിൽ ചുമന്ന് ആശുപത്രികളിലെത്തിച്ച് ചികിത്സ ലഭ്യമാക്കി. മകരവിളക്ക് കാലയളവിൽ വലിയാനവട്ടത്ത് വനംവകുപ്പ് സജ്ജീകരിച്ച പ്രത്യേക മെഡിക്കൽ ക്യാമ്പിൽ 9,000 ഭക്തർക്ക് ചികിത്സ നൽകി. പമ്പ ശബരിമല പാതയിൽ പ്രവർത്തിച്ച ആംബുലൻസ് സർവീസ് അടിയന്തര സാഹചര്യങ്ങളിൽ ജീവൻ രക്ഷിക്കാൻ നിർണായകമായി.

അഴുതക്കടവ് മുതൽ പമ്പ വരെ 18.350 കിലോമീറ്റർ ദൈർഘ്യമുള്ള കാനനപാതയിൽ എട്ട് സാപ്പ് ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെ നേതൃത്വത്തിൽ 176 സേവനകേന്ദ്രങ്ങൾ പ്രവർത്തിച്ചു. ഇവിടങ്ങളിൽ വിശ്രമ സൗകര്യങ്ങൾ, ഭക്ഷണം, ടോയ്‌ലറ്റ് സംവിധാനങ്ങൾ എന്നിവ ഒരുക്കി. എട്ട് താവളങ്ങളിലും സോളാർ പവർ ഫെൻസിംഗ് സ്ഥാപിച്ച് ഭക്തരുടെ സുരക്ഷ ഉറപ്പാക്കി.

കാനനപാതകളിലും ശബരിമലയിലുമായി നടക്കുന്ന പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് പമ്പയിലും സന്നിധാനത്തും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളും സജ്ജമാക്കിയിരുന്നു.

## പന്തളം രാജപ്രതിനിധിയെ സ്വീകരിച്ചു

പന്തളം കൊട്ടാരം രാജപ്രതിനിധി പുണർതംനാൾ നാരായണവർമയേയും സംഘത്തെയും സന്നിധാനത്ത് ദേവസ്വം ബോർഡ് പ്രതിനിധികളുടെ നേതൃത്വത്തിൽ ഉപചാരപൂർവം സ്വീകരിച്ചു. ശബരിമല മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായാണ് പന്തളം രാജപ്രതിനിധി സന്നിധാനത്തെത്തിയത്. തലപ്പാറമല, ഉടുമ്പാറ മല എന്നിവയുടെ കൊടിയും വാദ്യോപകരണങ്ങളുമായി അയ്യപ്പസ്വാമിയുടെ പിതൃസ്ഥാനീയരായി കരുതപ്പെടുന്ന ആലങ്ങാട് പേട്ട തുള്ളൽ സംഘവും തിരുവാഭരണ പേടക വാഹക സംഘവും സ്വീകരിക്കാനെത്തി.
രാജപ്രതിനിധിയെ പതിനെട്ടാം പടിക്ക് കീഴിൽ മേൽശാന്തി ഇ ഡി പ്രസാദ് നമ്പൂതിരി മാലയിട്ട് ആനയിച്ചു. തുടർന്ന് പതിനെട്ട് പടി കയറി  ഭഗവാനെ തൊഴുതു. മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി ജനുവരി 18 ന് കളഭാഭിഷേകവും ജനുവരി 19 ന് ഗുരുതിയും രാജപ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ നടക്കും. ജനുവരി 20 ന് രാജപ്രതിനിധിയുടെ ദർശനത്തിന് ശേഷം രാവിലെ 6.30 ന് ശബരിമല നട അടയ്ക്കും. നടയടച്ച് താക്കോൽക്കൂട്ടം രാജപ്രതിനിധിക്ക് മേൽശാന്തി കൈമാറും. പതിനെട്ടാം പടിയിറങ്ങി ദേവസ്വം ബോർഡ് പ്രതിനിധികളുടെയും മേൽശാന്തിയുടെയും സാന്നിദ്ധ്യത്തിൽ താക്കോൽക്കൂട്ടം ശബരിമല അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് രാജപ്രതിനിധി കൈമാറുകയും മാസപൂജചെലവിനായി പണക്കിഴിയും നൽകി പന്തളം കൊട്ടാരത്തിലേക്ക് യാത്രയാകും.

**തിരുവാഭരണ വിഭൂഷിതനായ അയ്യപ്പനെ ഇന്ന് (ജനുവരി 17) വരെ തൊഴാം**

ശബരിമല ദർശനത്തിനെത്തുന്ന അയ്യപ്പഭക്തർക്ക് തിരുവാഭരണ വിഭൂഷിതനായ അയ്യപ്പനെ ഇന്ന് (ജനുവരി 17) രാത്രി എട്ടുവരെ കണ്ടു തൊഴാം. ജനുവരി 14 ന് മകരസംക്രമ നാളിലെ സന്ധ്യാ ദീപാരാധനയിലാണ് പന്തളം കൊട്ടാരത്തിൽ നിന്നെത്തിച്ച തിരുവാഭരണങ്ങൾ അയ്യപ്പവിഗ്രഹത്തിൽ ചാർത്തിയത്. തുടർന്നായിരുന്നു മകരജ്യോതി ദർശനം. അയ്യപ്പന്റെ പിതൃസ്ഥാനീയനായ പന്തളം രാജാവ് പണികഴിപ്പിച്ചതാണ് ഈ തിരുവാഭരണങ്ങളെന്നാണ് വിശ്വാസം.

ജനുവരി 18 വരെയാണ് നെയ്യഭിഷേകം. ജനുവരി 19 രാത്രി വരെ ഭക്തർക്ക് ദർശന സൗകര്യമുണ്ട്. ജനുവരി 19 ന് മാളികപ്പുറത്ത് ഗുരുതി നടക്കും. ജനുവരി 20ന് പന്തളം രാജപ്രതിനിധി ദർശനം നടത്തിയതിന് ശേഷം മണ്ഡല, മകരവിളക്ക് മഹോത്സവത്തിന് സമാപനം കുറിച്ച് നട രാവിലെ 6.30 ന് അടയ്ക്കും.

ശബരിമല ദർശനത്തിനായുള്ള സ്പോട്ട് ബുക്കിംഗ് കൗണ്ടറുകൾ മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി അയ്യപ്പഭക്തർക്ക് ദർശനം അനുവദിക്കുന്ന ജനുവരി 19 വരെ പ്രവർത്തിക്കും. പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിലാണ് സ്പോട്ട് ബുക്കിംഗ് സൗകര്യമുള്ളത്. വെർച്വൽ ക്യൂ ബുക്കിംഗും ജനുവരി 19 വരെയുണ്ടാകും. ജനുവരി 18 വരെ ഓരോ ദിവസവും വെർച്വൽ ക്യൂ വഴി 50,000 പേരെയും സ്പോട്ട് ബുക്കിംഗ് വഴി 5,000 പേരെയും പ്രവേശിപ്പിക്കും. ജനുവരി 19ന് വെർച്വൽ ക്യൂ വഴി 30,000 പേരെയും സ്പോട്ട് ബുക്കിംഗ് വഴി 5,000 പേരെയും കടത്തിവിടും.

## ഭക്തർക്ക് സായൂജ്യമേകി പൊന്നുപതിനെട്ടാം പടിയിൽ പടിപൂജ

ശബരിമല മകരവിളക്ക് തീർത്ഥാടനകാലത്തെ പടിപൂജയ്ക്ക് ജനുവരി 16 ദീപാരാധനയ്ക്ക് ശേഷം തുടക്കം. വ്രതാനുഷ്ഠാനങ്ങളോടെ ഇരുമുടിക്കെട്ടേന്തി അയ്യപ്പദർശനത്തിനെത്തുന്ന ഭക്തർ കയറുന്ന പവിത്രമായ പതിനെട്ട് പടികളിലും പൂക്കളും പട്ടുവസ്ത്രങ്ങളും ദീപങ്ങളും അർപ്പിച്ചായിരുന്നു പടിപൂജ. പൂക്കളാൽ അലംകൃതമായി ദീപപ്രഭയിൽ ജ്വലിച്ച് നിന്ന പതിനെട്ടുപടികളുടെ അപൂർവ കാഴ്ച സന്നിധാനത്ത് ഭക്തർക്ക് വേറിട്ട അനുഭവമായി. ദീപാരാധനയ്ക്ക് ശേഷം തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെയും മേൽശാന്തി ഇ.ഡി പ്രസാദ് നമ്പൂതിരിയുടെയും കാർമികത്വത്തിലുമായിരുന്നു ഒരു മണിക്കൂറോളം നീണ്ട പടിപൂജ.
പൂജയുടെ ഭാഗമായി പതിനെട്ടാംപടി കഴുകി വൃത്തിയാക്കി മധ്യഭാഗത്തായി പട്ടുവിരിച്ചു. പട്ടിന്റെ ഇരുവശത്തും വലിയ ഹാരങ്ങൾ കൊണ്ട് അലങ്കരിച്ചു. പതിനെട്ടു പടികളിൽ ഇരുവശത്തും നിലവിളക്ക് തെളിച്ചു. പടികളിൽ പൂജാദ്രവ്യങ്ങളും വച്ചു. പിന്നീട് ഓരോ പടികളിലും കുടികൊള്ളുന്ന മലദൈവങ്ങൾക്ക് പൂജ നടത്തി. ഓരോ പടിയിലും ദേവചൈതന്യം ആവാഹിച്ചിട്ടുണ്ടെന്നാണ് വിശ്വാസം. ശബരിമല അടക്കമുള്ള പതിനെട്ട് മലകളെയാണ് പടികൾ പ്രതിനിധാനം ചെയ്യുന്നതെന്നാണ് സങ്കൽപം.

## ആലങ്ങാട്ട് യോഗക്കാർ നിവേദ്യം അർപ്പിച്ചു

സ്വാമി അയ്യപ്പന്റെ പിതൃസ്ഥാനീയരായ ആലങ്ങാട്ട് സംഘം ആചാരപരമായി നിവേദ്യം ഭഗവാന് സമർപ്പിച്ചു. ജനുവരി 16 ന് സംഘം നെയ്യഭിഷേകം നടത്തി. ഉച്ചപൂജയ്ക്ക് പന്തീർനാഴി നിവേദ്യം സമർപ്പിച്ചു. സംഘാംഗങ്ങൾ ഇരുമുടി കെട്ടിൽ

കൊണ്ടു വന്ന അരി, ശർക്കര, തേങ്ങ, പഴം, കൽക്കണ്ടം, മുന്തിരി എന്നിവ അളന്നു ശേഖരിച്ച് ദേവസ്വത്തിന് കൈമാറി. തുടർന്ന് ദേവസ്വം ബോർഡ് വെള്ള നിവേദ്യവും ശർക്കര പായസവും പ്രസാദമായി കൈമാറി. അത്താഴപൂജയ്ക്ക് ശേഷം അപ്പവും അരവണയും നിവേദിച്ച് നൽകി. പെരിയോൻ പ്രദീപ് ആർ മേനോന്റെ നേതൃത്വത്തിൽ സംഘാംഗങ്ങൾ ദർശനത്തിന് ശേഷം ഉപചാരം ചൊല്ലി മലയിറങ്ങി.

## സന്നിധാനം അയ്യപ്പ കീർത്തനങ്ങളാൽ മുഖരിതമാക്കി ഭജന സംഘം

ശബരിമല സന്നിധാനം അയ്യപ്പ കീർത്തനങ്ങളാൽ ഭക്തി മുഖരിതമാക്കി പാലക്കാട് പഴമ്പാലക്കോട് അഖിലഭാരത അയ്യപ്പ സേവ ഭജന സംഘം. കുഞ്ഞ് മാളികപ്പുറം 15 കലാകാരന്മാർ ഉൾപ്പെട്ട സംഘമാണ് ജനുവരി 16 ന് വൈകിട്ട് സന്നിധാനം ഓഡിറ്റോറിയത്തിൽ ഭജന അവതരിപ്പിച്ചത്. അയ്യപ്പ ഭക്തിഗാനങ്ങൾ കോർത്തിണക്കിയ ഭജന ആസ്വദിക്കാൻ നിരവധി ഭക്തർ എത്തി. കഴിഞ്ഞ പത്ത് വർഷമായി തുടർച്ചയായി സംഘം സന്നിധാനത്ത് ഭജന നടത്തുന്നു. സുന്ദര ഗുരുസ്വാമി നേതൃത്വം നൽകി. സംഘാങ്ങളുടെ ഗുരുവായ ഗംഗാധര ഗുരുസ്വാമിയുടെ സ്മരണക്കായിരുന്നു ഭജന.